# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1512 — 15.02.2016-ൽ മറുപടിക്ക്

## നഗരവികസനത്തിനുള്ള 'അമൃത് ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. എം.ഹംസ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരവികസനത്തിനുള്ള 'അമൃത്' പദ്ധതിയ്ക്ക് കേന്ദ്ര സഹായം അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ; | (എ) അനുവദിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) 'അമൃത്' പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര അപ്പക്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്തെ അമൃത് പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ആദ്യഗഡുവായി 57.60 കോടി രൂപയും, അഡ്മിനിസ്ട്രേറ്റീവ് ആന്റ് ഓഫീസ് എക്സ്പെൻസിനായി 1.75 കോടി രൂപയും കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) 'അമൃത്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (സി) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴവെള്ളം ഒഴുകിപോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കിനൽകൽ എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുകയാണ് 'അമൃത്' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) 'അമൃത്' പദ്ധതിയ്ക്കായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നുണ്ടോയെന്ന് പറയാമോ; എങ്കിൽ വ്യക്തമാക്കാമോ ? | (ഡി) 'അമൃത്' പദ്ധതിയുടെ ആകെ പ്രോജക്ട് അടങ്കലിന്റെ 30% സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ